ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 09.06.2026**

## പ്രധാനവാർത്തകൾ

1. കഴിഞ്ഞ 12 വർഷമായി യുവാക്കൾ, സ്ത്രീകൾ, കർഷകർ എന്നിവരെ ശാക്തീകരിക്കുന്നതിനായി കേന്ദ്രസർക്കാർ നിരന്തം പ്രവർത്തിച്ചുവരികയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. ഷിഗല്ല പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താൻ വയനാട്ടിൽ മന്ത്രി ടി സിദ്ദിഖിന്റെ നേതൃത്വത്തിൽ ഉന്നതതലയോഗം ചേർന്നു .
3. സിഎംആർഎൽ-എക്സാലോജിക് കേസിൽ മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ ടി. വീണയ്ക്ക് ഇഡി സമൻസ്.
4. സംസ്ഥാനത്ത് ഇന്ന് അർദ്ധരാത്രി മുതൽ ട്രോളിംങ് നിരോധനം നിലവിൽ വരും.
5. കനത്ത മഴ തുടരുന്ന പശ്ചാത്തലത്തിൽ കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത; കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
6. മാരാരിക്കുളം-ആലപ്പുഴ പാത ഇരട്ടിപ്പിക്കലിന് റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി.

********************

RIJUTVPM

## പ്രധാനമന്ത്രി നരേന്ദ്ര മോദി

കഴിഞ്ഞ 12 വർഷമായി രാജ്യത്തെ യുവാക്കൾ, സ്ത്രീകൾ, കർഷകർ എന്നിവരെ ശാക്തീകരിക്കുന്നതിനായി സർക്കാർ നിരന്തരം പ്രവർത്തിച്ചുവരികയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 140 കോടി പൗരന്മാരുടെ പിന്തുണയോടെയും രാഷ്ട്രത്തിന് പ്രഥമ പരിഗണന എന്ന സമീപനത്തിലൂടെയും, വിശ്വാസം, വികസനം, പൊതുജനക്ഷേമം എന്നിവയിൽ അടിയുറച്ചാണ് സർക്കാർ മുന്നോട്ട് പോകുന്നത്. വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സേവനം, സദ്ഭരണം,അഭിവൃദ്ധി എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുള്ള പ്രതിബദ്ധതയും പ്രധാനമന്ത്രി ആവർത്തിച്ച് വ്യക്തമാക്കി.

********************

## ഷിഗല്ല (ഇൻട്രോ)

വയനാട്ടിൽ ഷിഗല്ല പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതം. സാഹചര്യം വിലയിരുത്താൻ ഇന്ന് ഉന്നതതലയോഗം ചേർന്നു. മന്ത്രി ടി സിദ്ദിഖിന്റെ നേതൃത്വത്തിലായിരുന്നു യോഗം.
വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്..
(വോയ്സ്)

********************

## കെ.മുരളീധരൻ കായകൽപ്പം

കോഴിക്കോട് മെഡി.കോളേജിൽ വെർച്വൽ ഓട്ടോപ്സി സംവിധാനം ഒരുക്കുമെന്ന് മന്ത്രി കെ. മുരളീധരൻ . മൃതദേഹം കീറിമുറിക്കാതെ പോസ്റ്റുമോർട്ടം നടത്തുന്ന സംവിധാനമാണ് വെർച്വൽ ഓട്ടോപ്സി. ആരോഗ്യ മേഖല നേരിടുന്ന വെല്ലുവിളികളും പ്രതിസന്ധികളും നേരിട്ട് മനസ്സിലാക്കി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന 'കായകൽപ്പം' ജനസമ്പർക്ക പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോട് നിർവഹിക്കുകയായിരുന്നു മന്ത്രി.

RNU TVPM

മാനന്തവാടി മെഡിക്കൽ കോളേജ് വികസിപ്പിക്കാൻ ആവശ്യമായ സ്ഥലം കണ്ടെത്തുമെന്നും ആരോഗ്യ മേഖലയെ സ്വകാര്യവത്കരിക്കില്ലെന്നും ആരോഗ്യ മന്ത്രി പറഞ്ഞു. ശ്രീ കെ മുരളീധരൻ ഇന്ന് വൈകിട്ടോടെ വയനാട്ടിലെത്തും.

********************

## മഴ

കനത്ത മഴ തുടരുന്ന പശ്ചാത്തലത്തിൽ കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത. മലപ്പുറം, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും, ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും മുൻകൂട്ടി നിശ്ചയിച്ച പൊതു പരീക്ഷകൾക്ക് മാറ്റമില്ല.

********************

## മഴ കണ്ണൂർ (ഇൻട്രോ)

കണ്ണൂരിൽ കനത്ത മഴ തുടരുന്നു. ജില്ലയിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.
(വോയ്സ്)

********************

## വില്ലടത്ത് മിന്നൽ ചുഴലി

തൃശൂർ ചേറൂർ വില്ലടം മേഖലയിൽ മിന്നൽ ചുഴലി. ശക്തമായ കാറ്റിൽ നിരവധി മരങ്ങൾ കടപുഴകി വീണു. ആളപായമില്ല. മരങ്ങൾ കടപുഴകി വീണതിനെ തുടർന്ന് മേഖലയിൽ വൻ ഗതാഗതക്കുരുക്കാണ് അനുഭവപ്പെടുന്നത്. ഫയർഫോഴ്സും നാട്ടുകാരും ചേർന്ന് മരം മുറിച്ചു മാറ്റാൻ ശ്രമം തുടരുകയാണ്.

PNU TVPM

********************

## മാരാരി ക്കുളം-ആലപ്പുഴ റെയിൽപ്പാത

മാരാരി ക്കുളം-ആലപ്പുഴ റെയിൽപ്പാത ഇരട്ടിപ്പിക്കലിന് റെയിൽവേമ ന്ത്രാലയത്തിൻ്റെ അനുമതി. 10.65 കിലോമീറ്റർ പാത 220.51 കോടി രൂപ ചെലവിൽ ഇര ട്ടിപ്പിക്കും. എറണാകുളം-തുറ വൂർ - ആലപ്പുഴ - അമ്പല പ്പുഴ-കായംകുളം റൂട്ടിൽ മാരാ രിക്കുളം-ആലപ്പുഴ സെക്ഷ നാണ് നിലവിൽ ഏക സിംഗിൾ ലൈൻ. ഈ ഭാഗത്ത് ഇരട്ടിപ്പിക്കൽ പൂർത്തിയായിക്കഴിഞ്ഞാൽ, പാതയിലൂടെ ഒൻപതു യാത്രാ തീവണ്ടികൾകൂടി സർവീസ് നട ത്തുന്നതിനും പ്രതിവർഷം 28 ടൺ ചരക്ക് കടത്തുന്നതിനും സാധിക്കുമെന്നാണ് കണക്കു കൂട്ടൽ.

********************

## സിഎംആർഎൽ

സിഎംആർഎൽ-എക്സാലോജിക് ഇടപാട് കേസിൽ മുൻ മുഖ്യമന്ത്രി പിണറായി വിജയൻ്റെ മകൾ ടി. വീണയ്ക്ക് ഇഡി സമൻസ്. ചോദ്യം ചെയ്യലിന് വെള്ളിയാഴ്ച കൊച്ചി ഓഫീസിൽ ഹാജരാകണമെന്നാണ് നിർദേശം. വീണയ്ക്കൊപ്പം മറ്റ് എട്ട് പേർക്ക് കൂടി നോട്ടീസ് നൽകിയിട്ടുണ്ട്. സിഎംആർഎല്ലുമായി ബന്ധപ്പെട്ടവർക്കാണ് നോട്ടീസ് നൽകിയിരിക്കുന്നതെന്നാണ് വിവരം.

RNU TVPM

********************

## പത്മ പുരസ്കാരം

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന രണ്ടാമത്തെ സിവിൽ ഇൻവെസ്റ്റിച്വർ ചടങ്ങിലാണ് പുരസ്കാരം സമ്മാനിക്കുന്നത്. നടൻ മമ്മൂട്ടി പദ്മഭൂഷൺ സ്വീകരിക്കും. കഴിഞ്ഞ മാസം ആദ്യം, രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു.

*******************

ട്രോളിംങ് (ഇൻട്രോ)

ഇന്ന് അർദ്ധരാത്രി മുതൽ സംസ്ഥാനത്ത് ട്രോളിംങ് നിരോധനം നിലവിൽ വരും. ജൂലൈ 31 അർദ്ധരാത്രിവരെ 52 ദിവസമാണ് ട്രോളിംങ് നിരോധനം. ട്രോളിങ് നിരോധനത്തിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി.

വിശദാംശങ്ങളുമായി ആകാശവാണികൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.

(വോയ്സ്)

*******************

രമേശ് ചെന്നിത്തല

ലഹരിക്ക് അടിമയാകാൻ കേരളത്തിലെ യുവാക്കളെ വിട്ടു കൊടുക്കില്ല എന്ന നയമാണ് സംസ്ഥാന സർക്കാരിൻറേതെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. തിരുവനന്തപുരം വഴുതക്കാട് കാർമേൽ ഹയർ സെക്കൻററി സ്കൂളിലെ മെറിറ്റ് ഡേ ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കുട്ടികളെ ലഹരിക്ക് അടിമയാക്കാനുള്ള ശ്രമങ്ങളെ നാം ശക്തമായി പ്രതിരോധിക്കണമെന്നും മന്ത്രി പറഞ്ഞു. ലഹരിയിൽ നിന്ന് കേരളത്തെ മോചിപ്പിക്കുക എന്ന ലക്ഷ്യവുമായി ഓപ്പറേഷൻ തൂഫാൻ അതിശക്തമായി മുന്നേറുകയാണെന്നും തെറ്റുകൾക്കെതിരെ വിദ്യാർത്ഥികൾ പോരാടണമെന്നും അദ്ദേഹം പറഞ്ഞു.

*******************

ഫുട്ബോൾ (ഇൻട്രോ)

ലോകകപ്പ് ആവേശത്തിലേക്ക് കേരളം; ഫുട്ബോൾ മാമാങ്കത്തിനൊരുങ്ങി കേരളം.

ലോകകപ്പ് വിശേഷങ്ങളുമായി സുരേഷ് എടപ്പാൾ........

(വോയ്സ്)

*******************

RNU TVPM

## അമിത് ഷാ

അതിർത്തി കടന്നുള്ള വ്യാപാരവും സഞ്ചാരവും കാര്യക്ഷമവുമാക്കുന്നതിനുള്ള ലാൻഡ് പോർട്ട് മാനേജ്മെന്റ് സിസ്റ്റം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.. അതിർത്തി പരിപാലന സംവിധാനം ശക്തിപ്പെടുത്തുന്നതിൽ നാഴികക്കല്ലായിരിക്കും സംവിധാനമെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു. സാങ്കേതികവിദ്യയുടെ സഹായത്തോടെ, അതിർത്തി കടന്നുള്ള വ്യാപാരം, സഞ്ചാരം എന്നിവയിൽ കാര്യക്ഷമത, സുതാര്യത, സുരക്ഷ തുടങ്ങിയവ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംവിധാനം നടപ്പിലാക്കുന്നത്.

********************

## PMSMA യുടെ 10 വർഷങ്ങൾ

"PMSMA യുടെ 10 വർഷങ്ങൾ - പരിചരണത്തിന്റെ ഒരു ദശകം" എന്ന പ്രമേയത്തിലൂന്നി രാജ്യവ്യാപകമായി നടക്കുന്ന ആഘോഷങ്ങൾക്ക് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ജെ.പി.നഡ്ഡ ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കും. പ്രധാനമന്ത്രി സുരക്ഷിത മാതൃത്വ അഭിയാൻ വിജയകരമായി പത്ത് വർഷം പൂർത്തിയാക്കിയായ പശ്ചാത്തലത്തിലാണ് പ്രചാരണം സംഘടിപ്പിക്കുന്നത്. സുരക്ഷിത ഗർഭധാരണവും ആരോഗ്യകരമായ മാതൃത്വവും ഉറപ്പാക്കുക എന്നതാണ് PMSMA യുടെ ലക്ഷ്യം. പദ്ധതിക്ക് കീഴിലുള്ള ഒമ്പത് സൗജന്യ സേവനങ്ങൾ പ്രയോജനപ്പെടുത്താൻ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും അവബോധ പരിപാടികളും പൊതുജന സമ്പർക്ക പരിപാടികളും സംഘടിപ്പിക്കും. 75 രൂപയുടെ പ്രത്യേക നാണയവും അഞ്ച് രൂപയുടെ തപാൽ സ്റ്റാമ്പും പുറത്തിറക്കും.

********************

RIJU TVPM

## ഓഹരി + സ്വർണം

ഓഹരി വിപണികളിൽ നേട്ടത്തോടെ വ്യാപാരം ആരംഭിച്ചു . സെൻസെക്സ് 202 പോയിൻറ് ഉയർന്ന് 73,727 ലും, നിഫ്റ്റി 69 പോയിൻറ് നേട്ടത്തിൽ 23,192 ലും വ്യാപാരം തുടരുന്നു.

സ്വർണ വിലയിൽ വർധന. ഗ്രാമിന് 135 രൂപ ഉയർന്ന് 14,040 രൂപയും പവന് 1080 രൂപ വർധിച്ച് ഒരു ലക്ഷത്തി 12,320 രൂപയുമാണ് ഇന്നത്തെ വില.

********************

****************

******

RNU TVPM